


# ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു

(യോഹ. 17:1 – 26)

Vol. 10, Issue: 56

ബ്ര. സെബാസ്റ്റ്യൻ കോയിക്കര MCBS

**പ്ര**ത്യാശ നൽകുന്ന ഉയിർപ്പുകാലത്തിന്റെ ആറാം ഞായറാഴ്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ഇന്ന് തിരുസഭാമാതാവ് നമുക്ക് വിചിന്തനത്തിനായി നൽകുന്നത് വി. യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം 17-ാം അദ്ധ്യായം 1-26 വരെയുള്ള തിരുവചനങ്ങളാണ്.

യോഹന്നാന്റെ സുവിശേഷത്തിലെ 17-ാം അദ്ധ്യായത്തിന് ഒത്തിരിയേറെ വിശേഷണങ്ങൾ സഭാപണ്ഡിതന്മാർ നൽകുന്നുണ്ട്. യേശുവിന്റെ ഔസിത്ത് ആണിത് - മരണപത്രം, ക്രൈസ്തവ സഭകളുടെ ഐക്യത്തിനു വേണ്ടിയുള്ള പ്രാർത്ഥന, മഹാപുരോഹിതന്റെ പ്രാർത്ഥന എന്നൊക്കെയാണ് എക്യുമെനിക്കൽ വൃത്താന്തങ്ങളിൽ ഇത് അറിയപ്പെടുന്നത്. എന്നാൽ, യോഹന്നാന്റെ സുവിശേഷപശ്ചാത്തലത്തിൽ, തന്റെ ദൗത്യത്തിന്റെ പരസ്യമായ മുദ്രവയ്ക്കലാണ് യേശു ഈ പ്രാർത്ഥനയിൽ ചെയ്യുന്നത്. ശിഷ്യന്മാരെ സാക്ഷി നിർത്തി ദൈവത്തിനു മുമ്പാകെ അവൻ തന്റെ ദൗത്യത്തിന് മുദ്ര വയ്ക്കുകയാണ്.

വിശുദ്ധിയെയും പുണ്യങ്ങളെയും കുറിച്ചു നാം ചിന്തിക്കുന്നത്, കപടസദാചാരങ്ങളെ മുൻനിർത്തിയാണ്. എന്നാൽ, ദൈവം ഒരാൾക്കു കൊടുത്ത ജീവിതലക്ഷ്യം പൂർത്തീകരിക്കുന്നതാണ് വിശുദ്ധി/ നിത്യജീവൻ എന്നൊക്കെയാണ് യേശു ചിന്തിക്കുന്നത്. യേശുവിനെ ദൈവം ഏൽപിച്ച ദൗത്യം പൂർത്തിയാക്കി അത് മുദ്ര വയ്ക്കുന്നു. ഇതിനെയാണ് ദൈവത്തെ അറിയുക എന്നുപറയുന്നത്.

എന്താണ് യേശുവിന്റെ ദൗത്യം? ദൈവത്തിന്റെ നാമം ലോകത്തിനു വെളിപ്പെടുത്തുക. അതുവഴി ദൈവജ്ഞാനം അവർക്ക് പകർന്നുകൊടുക്കുക. ദൈവനാമം എന്നുള്ളത് ദൈവസ്നേഹമാണ്. ഇത് വെളിപ്പെടുത്താനുള്ള യേശുവിന്റെ യോഗ്യത എന്നത് യോഹ. 17:5-ൽ പറയുന്നു: "ലോകസൃഷ്ടിക്കു മുമ്പ് എനിക്ക് അവിടുത്തോടു കൂടെയുണ്ടായിരുന്ന മഹത്വം" എന്ന് യേശു അവകാശപ്പെടുന്നു. യോഹ. 1:1-2-ൽ പറയുന്നു: "ആദിയിലുണ്ടായിരുന്ന വചനം ദൈവത്തോടുകൂടെ ആയിരുന്നു." കൂടെയുള്ളവന് വെളിപ്പെടുത്തുവാനുള്ള അവകാശമുണ്ട്. ഈ വെളിപ്പെടുത്തലിന്റെ ലക്ഷ്യമെന്നത് ഏകസത്യമായ ദൈവത്തെയും അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക (യോഹ. 17:3) അഥവാ, നിത്യജീവൻ കൊടുക്കുകയെന്നതാണ്. സ്നേഹത്തിന്റെയും കാരുണ്യ

ത്തിന്റെയും ദീനാനുകമ്പയുടേതുമായ തലത്തിലെ മനുഷ്യജ്ഞാനമാണ് നിത്യജീവൻ. ഇതാണ് യേശു മുദ്ര വച്ചത്. ദരിദ്രരോട് സുവിശേഷം അറിയിച്ചും, രോഗികളെ സുഖപ്പെടുത്തിയും, പാപികളെ ചേർത്തണച്ചും യേശു തന്റെ ജീവിതത്തിൽ കാട്ടിത്തന്നതും ഈ മൂന്നു പുണ്യങ്ങളാണ്.

രണ്ടാമതായി, ഇന്നത്തെ വായന ശിഷ്യന്മാർക്കു വേണ്ടിയുള്ള പ്രാർത്ഥനയാണ്. യോഹ. 13 – 16 വരെയുള്ള അദ്ധ്യായങ്ങളെ വലിയ 'മാളികയിലെ സംവാദം' എന്നാണ് വർണ്ണിക്കുക. അതു കഴിഞ്ഞ് സ്വർഗ്ഗത്തിലേയ്ക്ക് കണ്ണുകളുയർത്തി ദൈവത്തോടു സംവദിക്കുന്ന ക്രിസ്തുവിനെയാണ് യോഹ. 17–ാം അദ്ധ്യായം പറഞ്ഞുവയ്ക്കുക. ഇത് സഭാസമൂഹത്തിനു വേണ്ടിയുള്ള പ്രാർത്ഥനയും ഐക്യം നിലനിർത്തുന്നതിനുള്ള ആഹ്വാനവും അതിലുപരി സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള പുത്രനായ ഈശോയുടെ പ്രാർത്ഥനയാണ്. പിതാവും പുത്രനും തമ്മിലുള്ള അത്യഗാധമായ ഹൃദയം പങ്കുവയ്ക്കലാണ് എന്ന് ഈ പ്രാർത്ഥനയെ വിശേഷിപ്പിക്കാം. പ്രാരംഭമിട്ട ദൈവപിതാവിന്റെ കൈകളിലേയ്ക്ക് വിശ്വാസസമൂഹത്തെ തിരിച്ചേൽപിക്കുന്ന പുത്രൻ.

'നീ എനിക്കു നൽകിയവരെ നിന്റെ നാമത്തിൽ നീ അവരെ കാത്തുകൊള്ളണേ.' ദൈവത്തിന്റെ നാമം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത് എന്നത് ദൈവപ്രമാണങ്ങളിലൊന്നാണ്. God caused his name to dwell in the temple എന്നാണ് നിയമാവർത്തന പുസ്തകത്തിൽ പറയുക. 1 രാജാ. 8:27 ചോദിക്കുന്നുണ്ട്, ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ എന്ന്. ഭൂമിയിൽ അവിടുത്തെ നാമം അഥവാ നിഗൂഢസാന്നിധ്യം മാത്രമേ വസിക്കുന്നുള്ളൂ. ഈ നിഗൂഢ ദൈവസാന്നിധ്യത്തെയാണ് പുത്രൻ ആലിംഗനം ചെയ്തത്. ഈ നിഗൂഢ ദൈവസാന്നിധ്യത്തിലുള്ള വിശ്വാസമാണ് വിശ്വാസികളെ ഒന്നിപ്പിക്കേണ്ടത്. ദൈവീകശക്തിയിലുള്ള വിശ്വാസത്തിന്റെ കൂട്ടായ്മയാണ് സഭ. തിന്മയുടെ ശക്തികളെ നശിപ്പിക്കുന്ന ദൈവശക്തിയാണ് ഐക്യത്തിന്റെ ഉറവിടം.

മൂന്നാമതായി സുവിശേഷം വരച്ചുകാട്ടുന്നത്, സഭയുടെ ഐക്യത്തിന്റെ ആവശ്യകതയെയും സ്നേഹത്തിൽ പെടേണ്ട ക്രിസ്തീയചൈതന്യത്തെയും കുറിച്ചാണ്. ഒന്നിപ്പിന്റെ ആവശ്യകതയെക്കുറിച്ചാണ് യേശു ഇന്ന് നമ്മെ പഠിപ്പിക്കുന്നത് – 'അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി.' ഈ ഐക്യത്തിന്റെ മാതൃകയെന്താണ്? ''അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ.'' ഇതിനെയാണ് ഐക്യം, ഒന്നിപ്പ് എന്നൊക്കെ വിളിക്കുക. ഞാൻ, അങ്ങ് എന്നീ പദങ്ങൾ തനിമയുടെയും വ്യക്തിത്വത്തിന്റെയും പ്രകാശനമാണ്. എങ്കിലും ഈ വ്യക്തിത്വബോധം അഥവാ തനിമയെക്കുറിച്ചുള്ള അവബോധം കൂട്ടായ്മയെ ഇല്ലാതാക്കുന്നില്ല. ''അങ്ങ് എന്നിലാണ് ഞാൻ അങ്ങിലാണ്'' വ്യക്തിത്വനഷ്ടം വരാതെ ഒന്നായിരിക്കുക, ''അങ്ങ് എന്നെ സ്നേഹിച്ചതുപോലെ അവരെയും സ്നേഹിച്ചുവെന്നും.''

ഒന്നായിരിക്കുക എന്നതിന്റെ അടിസ്ഥാനം എന്താണ്? സ്നേഹം. ഐക്യത്തിന്റെ അടിസ്ഥാനം സ്നേഹമാകണം. സ്നേഹിക്കുക എന്ന ആശയത്തിൽ തന്നെ ഒന്നിലധികം വ്യക്തിത്വങ്ങളുടെ നിലനിൽപ്പുണ്ട്. സ്നേഹിക്കണമെങ്കിൽ ഒന്നിലധികം വ്യക്തികൾ വേണമല്ലോ. ദൈവം തന്നെ ഒരു കുടുംബമാണ്. ത്രിമൂർത്തികൾ – പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ദൈവം സ്നേഹമാണ്. ദൈവകൽപനകളെ രണ്ടായി സംഗ്രഹിക്കുമ്പോൾ അതിൽ രണ്ടാമതായി വരുന്നതും നിന്നെപ്പോല നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നുള്ളതാണ്.

യേശു തന്റെ പരസ്യജീവിതകാലത്ത് കൂടുതൽ ഊന്നൽ കൊടുത്തു പഠിപ്പിച്ചത് നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്നതാണ്. ചതിയും വഞ്ചനയും അധികാരമോഹവും സ്വാർത്ഥതാൽപര്യങ്ങൾക്കുമായി അപരനെ കൊല്ലാൻ വരെ തുനിയുന്ന ഈ ലോകത്ത് സ്നേഹം എവിടെയെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. അപരനെ ബഹുമാനിക്കാതെ ഏകപക്ഷീയമായി ഐക്യത്തെക്കുറിച്ചു സംസാരിക്കാൻ നമുക്ക് ആവില്ല. ദൈവം ആഗ്രഹിക്കുന്ന ഐക്യം സ്നേഹത്തിലധിഷ്ഠിതമായ ഐക്യമാണ്. സ്നേഹത്തിന്റെ പുതിയ നിയമം സ്ഥാപിച്ച് കുർബാനയായി മാറിയവന്റെ ജീവിതം പുനരാവിഷ്കരിക്കുന്ന ഈ പരിശുദ്ധ ബലിയിൽ നമുക്ക് പ്രാർത്ഥിക്കാം. പരസ്പരം സ്നേഹിച്ചുകൊണ്ട്, യേശുവിൽ ഒന്നായി അവിടുത്തോട് ഐക്യപ്പെട്ടു ജീവിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം, ആമ്മേൻ.